ആർ (1) ADFW/7168/2023

കാർഷിക വികസന കർഷക
ക്ഷേമ വകുപ്പ് ഡയറക്ടറാഫീസ്,
തിരുവനന്തപുരം.തീയതി : 15.06.2023.

# ക്വട്ടേഷൻ നോട്ടീസ്

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ ആഫീസിലെ ജീവനക്കാരുടെയും സന്ദർശകരുടെയും ആവശ്യാർത്ഥം ഒരു വർഷത്തേയ്ക്ക് ശുദ്ധമായ കുടിവെള്ളം ആവശ്യാനുസരണം സപ്ലൈ ചെയ്യുന്നതിന് മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിയ്ക്കുന്നു.

1. ക്വട്ടേഷൻ അടങ്ങിയ കവറിന് പുറത്ത് കുടിവെള്ളത്തിനായുള്ള ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തിയിരിക്കണം.
2. 20 ലിറ്റർ വെള്ളം കൊള്ളുന്ന സുതാര്യമായ പ്ലാസ്റ്റിക് ജാറിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ വിലയാണ് രേഖപ്പെടുത്തേണ്ടത്.
3. മുദ്ര വച്ച ക്വട്ടേഷനുകൾ 23.06.2023 ഉച്ചയ്ക്ക് ശേഷം 3 മണി വരെ അക്കൗണ്ട്സ് ഓഫീസർ II, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, വികാസ് ഭവൻ, തിരുവനന്തപുരം എന്ന മേൽ വിലാസത്തിൽ സമർപ്പിക്കേണ്ടതും, അന്നേദിവസം വൈകുന്നേരം 4 മണിയ്ക്ക് അപ്പോൾ ഹാജരുള്ള വിതരണക്കാരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതും, കൃഷി ഡയറക്ടറുടെ അന്തിമാനുമതിയ്ക്ക് വിധേയമായി സ്ഥിരപ്പെടുത്തി നൽകുന്നതുമാകുന്നു.
4. വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം വിതരണക്കാരൻ ഉറപ്പ് വരുത്തേണ്ടതും, പബ്ലിക് ലബോറട്ടറിയിലെ ഗുണനിലവാര പരിശോധനയിൽ എപ്പോഴെങ്കിലും പരാജയപ്പെട്ടാൽ ക്വട്ടേഷൻ റദ്ദാക്കുന്നതും ചുവടെ ഒപ്പിട്ടിരിക്കുന്ന ആൾ നിശ്ചയിക്കുന്ന നഷ്ടപരിഹാരം ഒടുക്കേണ്ടതുമാണ്.
5. ക്വട്ടേഷൻ വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ടുള്ള 200 രൂപ മുദ്രപത്രത്തിൽ ഒരു കരാർ പത്രിക ക്വട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ്.
6. ഏതൊരു ക്വട്ടേഷനും കാരണം ബോധിപ്പിക്കാതെ റദ്ദാക്കാനും നിരസിക്കാനുമുള്ള അധികാരം അക്കൗണ്ട്സ് ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്.
7. ക്വട്ടേഷൻ സംബന്ധമായ എല്ലാ പൊതുവായ സർക്കാർ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.
8. ക്വട്ടേഷൻ സംബന്ധിയായ കൂടുതൽ വിവരങ്ങൾ റിക്കാർഡ് സെക്ഷനിൽ നിന്നും ഓഫീസ് സമയങ്ങളിൽ അറിയാവുന്നതാണ്.

DIRECTORATE OF AGRICULTURE DEVELOPMENT & FARMER'S WELFARE DEPARTMENT, THIRUVANANTHAPURAM, KERALA

അക്കൗണ്ട്സ് ഓഫീസർ II
ACCOUNTS OFFICER II
DIRECTORATE OF AGRICULTURE
THIRUVANANTHAPURAM